# കേരള സർവകലാശാല

## ബിരുദാനന്തര ബിരുദ പ്രവേശനം - 2026

## സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

### കോളേജ് പ്രവേശനം ജൂലായ് 28, 29 തീയതികളിൽ.

### നിർദ്ദേശങ്ങൾ

- വിദ്യാർത്ഥികൾക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.
- പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർക്ക് ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്നതാണ്.
- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ, പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്.
- ജൂലൈ 28, 29 തീയതികളിലാണ് അഡ്മിഷൻ. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി ' Permanent Admission' എടുക്കേണ്ടതാണ്.
- ഏതെങ്കിലും കാരണത്താൽ അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അഡ്മിഷൻ തീയതിയ്ക്ക് മുൻപായി അതതു കോളേജിലെ പ്രിൻസിപ്പലിനെ ബന്ധപ്പെടേണ്ടതാണ്.

- നിലവിൽ അഡ്മിഷൻ ഉള്ളവർ (സ്പോർട്സ് ക്വാട്ട, മാനേജ്മെന്റ് ക്വാട്ട അഡ്മിഷനുകൾ ഒഴികെ) പുതിയ അലോട്ട്മെന്റ് ലഭിച്ചാൽ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക് മുൻപ് എടുത്ത അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല. സ്പോർട്സ് ക്വാട്ട, മാനേജ്മെന്റ് ക്വാട്ട സീറ്റുകളിൽ നിലവിൽ അഡ്മിഷനുള്ള വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച കോളേജ് /കോഴ്സിൽ തൃപ്തരല്ലെങ്കിൽ പഴയ അഡ്മിഷനിൽ തുടരാവുന്നതാണ്.
- നിലവിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളെയും, മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകരേയും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളെയും, “Temporary” അഡ്മിഷൻ എടുത്തശേഷം “Permanent” അഡ്മിഷൻ എടുക്കാതെ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികളെയും പുതിയതായി ഓപ്ഷനുകൾ നൽകാത്ത പക്ഷം സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിച്ചിട്ടില്ല.
- **ജൂലൈ 29 ന് അകം പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതാണ്.**
- വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/pg2026) സന്ദർശിക്കുക.
- ഹെൽപ് ലൈൻ നമ്പർ: 8281883052.

രജിസ്ട്രാർ